

# ആത്യന്തികവിലയിരുത്തൽ.2026-27

# ANSWER KEY അടിസ്ഥാന പാഠാവലി.

# ക്ലാസ്സ് 10.മലയാളം പേപ്പർ- 2

**KEY BY:SURESH AREEKODE. PH:9562521509**

| | | |
|---|---|---|
| 1 | B. മനസ്സ് | |
| 2 | D. II-ഉം IV-ഉം ശരി. | |
| 3 | D.നിരർത്ഥകമായി സംസാരിക്കുക | |
| 4 | C. സങ്കടം | |
| 5 | • ഈ വരികളിൽ നായികയുടെ സൗന്ദര്യവും ആകർഷണീയതയും മനോഹരമായി അവതരിപ്പിച്ചിരിക്കുന്നു.<br>• പൂക്കളോടും പ്രകൃതിയിലെ വർണങ്ങളോടും നായികയെ ബന്ധപ്പെടുത്തി അവതരിപ്പിക്കുന്നതിനാൽ ദൃശ്യസൗന്ദര്യം വർധിക്കുന്നു.<br>• പദങ്ങളുടെ ആവർത്തനവും താളാത്മകതയും ഗാനത്തിന് മാധുര്യം നൽകുന്നു.<br>• പ്രകൃതിബിംബങ്ങളിലൂടെ നായികയുടെ സൗന്ദര്യം കൂടുതൽ ഹൃദ്യമാക്കുന്നതാണ് ഈ വരികളുടെ പ്രത്യേകത. | |
| 6 | **6. (A) 'വരയ്ക്കാതെ വരയ്ക്കാതെ' — അർത്ഥതലങ്ങൾ**<br>• 'വരയാതെ വരയാതെ' എന്ന പദപ്രയോഗത്തിലെ ആവർത്തനം ഫിസ ചിത്രരചനയിൽ നിന്ന് അകന്നുനിന്ന കാലദൈർഘ്യത്തെ സൂചിപ്പിക്കുന്നു.<br>• ചിത്രരചന മറന്നുപോയിരിക്കുമെന്ന ഹാഫിസിന്റെ ധാരണയും ഇതിലൂടെ വ്യക്തമാകുന്നു.<br>• എന്നാൽ ഫിസയുടെ കലാപ്രതിഭയ്ക്ക് ഇടവേളകൾ കൊണ്ട് മങ്ങലേൽക്കില്ലെന്ന സൂചനയും ഈ പ്രയോഗത്തിലുണ്ട്.<br>**(B) 'കാത്തിരുന്ന് കാത്തിരുന്ന്...' — നായകന്റെ മാനസികാവസ്ഥ**<br>• 'കാത്തിരുന്ന് കാത്തിരുന്ന്' എന്ന ആവർത്തനത്തിലൂടെ നായകന്റെ തീവ്രമായ കാത്തിരിപ്പും ആകാംക്ഷയും വിരഹദുഃഖവും പ്രകടമാകുന്നു.<br>• ഏറെനേരം കാത്തിരുന്നിട്ടും പ്രിയപ്പെട്ടവളെ കാണാൻ കഴിയാത്തതിലുള്ള അസ്വസ്ഥതയും പ്രതീക്ഷയും വരികളിൽ തെളിയുന്നു.<br>• ആവർത്തനം കാത്തിരിപ്പിന്റെ ദൈർഘ്യവും മാനസിക സംഘർഷവും കൂടുതൽ ശക്തമാക്കുന്നു. | |
| 7 | • വിശാലമായി വളർന്നു പന്തലിച്ചു നിൽക്കുന്ന മരം<br>• അതിന്റെ താഴ്ന്ന കൊമ്പുകളിലും ചുവട്ടിലുമായി ഒട്ടനവധി വെളുത്ത പക്ഷികളുണ്ട്. | |

MUKULAM MALAYALAM

| | | |
|---|---|---|
| | • അവ ശബ്ദമുണ്ടാക്കി രസിച്ചും പാടിയും അവിടെ കഴിയുന്നു | |
| 8 | **പക്ഷിശാസ്ത്രകാരന്റെ വാക്കുകൾ - സന്ദേശം**<br>• എല്ലാ ജീവജാലങ്ങൾക്കും ജീവിക്കാനുള്ള അവകാശം അംഗീകരിക്കണം.<br>• പ്രകൃതിയെയും പക്ഷികളെയും മറ്റ് ജീവജാലങ്ങളെയും സംരക്ഷിക്കണം.<br>• മനുഷ്യന്റെ സ്വാർത്ഥതയ്ക്കുവേണ്ടി പ്രകൃതിയെ നശിപ്പിക്കരുത്.<br>• സ്വാതന്ത്ര്യം എല്ലാ ജീവികൾക്കും അനിവാര്യമാണ്.<br>• ദുർബലരായ ജീവികളോട് കരുണയും സഹാനുഭൂതിയും പുലർത്തണം.<br>• പരിസ്ഥിതി നശീകരണത്തിനെതിരെ സമൂഹം ജാഗ്രത പാലിക്കണം.<br>• മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സഹവർത്തിത്വമാണ് ആരോഗ്യകരമായ ജീവിതത്തിന്റെ അടിസ്ഥാനം. | |
| 9 | **കാവ്യപരമായ സവിശേഷത**<br>• പദാവർത്തനം – ആശയത്തിന് ഊന്നൽ നൽകുന്നു.<br>• ദൃശ്യബിംബങ്ങൾ – നിലാവിന്റെയും പൂക്കളുടെയും മനോഹരമായ ദൃശ്യങ്ങൾ സൃഷ്ടിക്കുന്നു.<br>• പ്രകൃതിവർണ്ണന – പ്രകൃതിയിലൂടെ പ്രണയഭാവം അവതരിപ്പിക്കുന്നു.<br>• താളാത്മകത – ആവർത്തിച്ചുള്ള പദപ്രയോഗങ്ങൾ ഗാനത്തിന് സംഗീതാത്മകത നൽകുന്നു.<br>• വർണ്ണഭംഗി – പൂക്കളുടെയും നിലാവിന്റെയും ചിത്രങ്ങൾ ഭാവസാന്ദ്രത വർധിപ്പിക്കുന്നു. | |
| 10 | **(1) അനുയോജ്യമായ ശീർഷകം**<br>• 'നാടൻസാഹിത്യം – ജനജീവിതത്തിന്റെ പ്രതിഫലനം'<br>➢ മറ്റൊരു അനുയോജ്യമായ ശീർഷകം: 'നാടൻസാഹിത്യവും ജനസംസ്കാരവും'<br>**(2) സാമാന്യജനസമൂഹത്തിന്റെ സാഹിത്യം എന്നതുകൊണ്ട് ലേഖകൻ അർത്ഥമാക്കുന്നത് എന്ത്?**<br>• ഒരു വ്യക്തിയുടെ മാത്രം സൃഷ്ടിയല്ലാതെ ഒരു സമൂഹത്തിന്റെ കൂട്ടായ അനുഭവങ്ങളും വികാരങ്ങളും ചിന്തകളും പ്രതിഫലിപ്പിക്കുന്ന സാഹിത്യമാണ് സാമാന്യജനസമൂഹത്തിന്റെ സാഹിത്യം. സാധാരണ ജനങ്ങളുടെ ജീവിതം, വിശ്വാസങ്ങൾ, ആചാരങ്ങൾ, സംസ്കാരം എന്നിവ ഇതിൽ പ്രതിഫലിക്കുന്നു.<br>**(3) നാടൻസാഹിത്യവും വാങ്മയസാക്ഷരമാണ് എന്ന് പറയുന്നതെന്തുകൊണ്ട്?**<br>• നാടൻസാഹിത്യം പ്രധാനമായും വാമൊഴിയായി തലമുറകളിലേക്ക് കൈമാറപ്പെടുന്ന സാഹിത്യമാണ്. ജനങ്ങളുടെ അനുഭവങ്ങളും അറിവുകളും വിശ്വാസങ്ങളും ആചാരങ്ങളും കഥകളും പാട്ടുകളും പഴഞ്ചൊല്ലുകളും മറ്റും ഭാഷയിലൂടെ സംരക്ഷിക്കുകയും കൈമാറുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ നാടൻസാഹിത്യം വാങ്മയസാക്ഷരതയുടെ പ്രധാന രൂപമാണ്. | |
| 11 | (A) **ജീവിതദർശനം — താരതമ്യക്കുറിപ്പ്**<br>• രണ്ടു രചനാഭാഗങ്ങളിലും സ്നേഹവും സഹജീവികളോടുള്ള കരുണയും പരസ്പരസഹായ | |

MUKULAM MALAYALAM

മനോഭാവവും പ്രധാന ജീവിതമൂല്യങ്ങളായി ഉയർന്നുവരുന്നു.

- സ്വാർത്ഥതയ്ക്കുപകരം മറ്റുള്ളവരുടെ നന്മയ്ക്കായി പ്രവർത്തിക്കണമെന്നാണ് ആദ്യ രചനാഭാഗം നൽകുന്ന സന്ദേശം.
- സ്വന്തം കഴിവുകളും ശക്തിയും മറ്റുള്ളവരുടെ ജീവിതത്തിന് തണലും ആശ്വാസവും നൽകാൻ ഉപയോഗിക്കണമെന്ന ആശയവും അതിലുണ്ട്.
- മറ്റു രചനാഭാഗത്തിലും മനുഷ്യർ പരസ്പരം സ്നേഹിക്കുകയും സഹകരിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയാണ് വ്യക്തമാകുന്നത്.
- അതിനാൽ സഹജീവിസ്നേഹം, പരസ്പരസഹായം, കരുണ, ത്യാഗം എന്നിവയാണ് രണ്ടു രചനകളെയും ബന്ധിപ്പിക്കുന്ന ജീവിതദർശനം.

11 (B) **ചിത്രത്തെ അടിസ്ഥാനമാക്കി — 'ചിത്രകാരി'യിലെ ഫിസ**

- ചിത്രത്തിൽ ചങ്ങലകളാൽ ബന്ധിക്കപ്പെട്ട ഒരു സ്ത്രീയെയാണ് കാണുന്നത്.
- അവളുടെ കൈകളിലും കഴുത്തിലും ചങ്ങലകളുണ്ട്. എന്നാൽ അവളുടെ മുടി സ്വതന്ത്രമായി പാറുന്നതും ചുറ്റും പക്ഷികൾ പറക്കുന്നതും കാണാം. ഇതിലൂടെ ബന്ധനവും സ്വാതന്ത്ര്യത്തിനായുള്ള ആഗ്രഹവും ഒരേസമയം പ്രകടമാകുന്നു.
- ഇത് 'ചിത്രകാരി'യിലെ ഫിസിന്റെ ജീവിതവുമായി വളരെ അടുത്ത ബന്ധമുള്ളതാണ്.
- ചിത്രകലയോടും സർഗ്ഗാത്മകതയോടും അടങ്ങാത്ത അഭിനിവേശമുള്ള ഫിസ കുടുംബത്തിന്റെ പരമ്പരാഗത ചിന്താഗതികളാൽ നിയന്ത്രിക്കപ്പെടുന്നു.
- സ്ത്രീയുടെ പ്രധാന ഉത്തരവാദിത്വം വീട്ടുജോലിയാണെന്ന ധാരണ അവളുടെ കലാസ്വാതന്ത്ര്യത്തിന് തടസ്സമാകുന്നു.
- ഫിസ തന്റെ കഴിവുകളെ ഉപേക്ഷിക്കാൻ തയ്യാറല്ല. എന്നാൽ ഭർത്താവിന്റെയും കുടുംബത്തിന്റെയും എതിർപ്പ് അവളെ നിശ്ശബ്ദയാക്കുന്നു.
- ചിത്രത്തിലെ ചങ്ങലകൾ സ്ത്രീയുടെ മേലുള്ള സാമൂഹിക-കുടുംബ ബന്ധനങ്ങളെയും, പറക്കുന്ന പക്ഷികൾ സ്വാതന്ത്ര്യത്തെയും സർഗ്ഗാത്മകതയെയും പ്രതിനിധീകരിക്കുന്നു.
- അതിനാൽ ചിത്രം 'ചിത്രകാരി' മുന്നോട്ടുവയ്ക്കുന്ന സ്ത്രീസ്വാതന്ത്ര്യത്തിന്റെയും ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെയും ആശയങ്ങളെ ശക്തമായി പ്രതിഫലിപ്പിക്കുന്നു.

12 A) **'ഒരു പക്ഷിക്കുഞ്ഞിന്റെ മരണം' — സാമൂഹികപ്രസക്തി**

- 'ഒരു പക്ഷിക്കുഞ്ഞിന്റെ മരണം' ഒരു പക്ഷിക്കുഞ്ഞിന്റെ ദുരന്തം മാത്രം അവതരിപ്പിക്കുന്ന നാടകമല്ല. പ്രകൃതിയോടും മറ്റു ജീവജാലങ്ങളോടും മനുഷ്യൻ പുലർത്തേണ്ട ഉത്തരവാദിത്വം ഓർമിപ്പിക്കുന്ന സാമൂഹികപ്രസക്തിയുള്ള രചനയാണ്.
- മനുഷ്യന്റെ സ്വാർത്ഥതയും അധികാരബോധവും പ്രകൃതിയെയും മറ്റു ജീവജാലങ്ങളെയും നശിപ്പിക്കുന്ന അവസ്ഥ നാടകം വിമർശിക്കുന്നു.
- സ്വാതന്ത്ര്യം മനുഷ്യർക്കു മാത്രമുള്ളതല്ലെന്നും പക്ഷികൾക്കും മറ്റു ജീവികൾക്കും അതിന് അവകാശമുണ്ടെന്നും നാടകം വ്യക്തമാക്കുന്നു.
- പക്ഷികളുടെ ചിറകുകൾ മുറിക്കുന്നത് അവരുടെ സ്വാതന്ത്ര്യം കവർന്നെടുക്കുന്നതിന്റെ പ്രതീകമാണ്. അതുപോലെ, ദുർബലരായവരുടെ അവകാശങ്ങൾ കവർന്നെടുക്കുന്ന സാമൂഹിക വ്യവസ്ഥകളോടും നാടകം പ്രതികരിക്കുന്നു. കരുണ, സഹജീവിസ്നേഹം,

MUKULAM MALAYALAM

| | | |
|---|---|---|
| | സ്വാതന്ത്ര്യം, പരിസ്ഥിതിസംരക്ഷണം എന്നിവയുടെ പ്രാധാന്യം നാടകം മുന്നോട്ടുവയ്ക്കുന്നു.<br>• ഇന്നത്തെ കാലത്ത് വനനശീകരണം, ആവാസവ്യവസ്ഥയുടെ നാശം, ജീവജാലങ്ങളുടെ വംശനാശം തുടങ്ങിയ പ്രശ്നങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ ഈ നാടകത്തിന്റെ സന്ദേശത്തിന് കൂടുതൽ പ്രസക്തിയുണ്ട്.<br>• മനുഷ്യനും പ്രകൃതിയും മറ്റു ജീവജാലങ്ങളും പരസ്പരം സഹകരിച്ച് ജീവിക്കണമെന്നതാണ് നാടകത്തിന്റെ പ്രധാന സന്ദേശം. | |
| 12 | **B.കഥാപാത്രനിരൂപണം**<br>• .ഇ.കെ. ഷാഹിനയുടെ 'ചിത്രകാരി' എന്ന കഥയിലെ കേന്ദ്രകഥാപാത്രമാണ് ഫിസ ചിത്രകലയോട് അടങ്ങാത്ത അഭിനിവേശമുള്ള സർഗ്ഗാത്മക വ്യക്തിത്വമാണ് അവൾ.<br>• കുട്ടിക്കാലം മുതൽ ചിത്രരചനയിൽ താൽപര്യമുള്ള ഫിസ വിവാഹത്തിനു ശേഷവും തന്റെ കലാപ്രവർത്തനം ഉപേക്ഷിക്കാൻ തയ്യാറാകുന്നില്ല.<br>• വീട്ടിലെ ജോലികൾ പൂർത്തിയാക്കിയശേഷമാണ് അവൾ ചിത്രരചനയിൽ ഏർപ്പെടുന്നത്. അതിലൂടെ അവളുടെ ഉത്തരവാദിത്വബോധവും കലയോടുള്ള അർപ്പണവും വ്യക്തമാകുന്നു.<br>• അവളുടെ കൈവിരലുകളെ 'ദൈവം തൊട്ട കൈവിരലുകൾ' എന്ന് വിശേഷിപ്പിക്കുന്നത് അവളുടെ അസാധാരണമായ ചിത്രകലാപാടവത്തിന്റെ സൂചനയാണ്.<br>• എന്നാൽ ഭർത്താവ് ഹാഫിസിനും കുടുംബത്തിനും അവളുടെ കലാതാൽപര്യം അംഗീകരിക്കാനാകുന്നില്ല. സ്ത്രീയുടെ പ്രധാന കടമ വീട്ടുജോലിയാണെന്ന പരമ്പരാഗത ധാരണയാണ് അവർ പുലർത്തുന്നത്. അവളുടെ ചിത്രപ്രദർശനത്തിനുള്ള അവസരവും കുടുംബത്തിന്റെ എതിർപ്പിനെത്തുടർന്ന് നഷ്ടപ്പെടുന്നു.<br>• ഹാഫിസ് അവളുടെ ചിത്രത്തെയും കഴിവിനെയും നിസ്സാരവൽക്കരിക്കുകയും ഒടുവിൽ അവളുടെ ബ്രഷ് തട്ടിത്തെറിപ്പിക്കുകയും ചെയ്യുന്നു. ഇതിലൂടെ ഫിസയുടെ ആവിഷ്കാരസ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റം വ്യക്തമാകുന്നു. എങ്കിലും അവൾ തന്റെ കലാപ്രതിഭയെ പൂർണമായി ഉപേക്ഷിക്കുന്നില്ല.<br>• കഥാന്ത്യത്തിലെ നിശ്ശബ്ദമായ പ്രതികരണം അവളുടെ ഉള്ളിലെ വേദനയും പ്രതിഷേധവും വ്യക്തമാക്കുന്നു.<br>• അതിനാൽ ഫിസ സ്ത്രീയുടെ സർഗ്ഗാത്മകത, സ്വാതന്ത്ര്യം, വ്യക്തിത്വം എന്നിവയ്ക്കുവേണ്ടി നിലകൊള്ളുന്ന പ്രതീകാത്മക കഥാപാത്രമാണ്.<br>• സ്ത്രീയെ വീട്ടിനുള്ളിൽ മാത്രം ഒതുക്കുന്ന പുരുഷാധിപത്യ സാമൂഹികബോധത്തിനെതിരെയുള്ള ശക്തമായ വിമർശനവും ഫിസയിലൂടെ കഥാകാരി അവതരിപ്പിക്കുന്നു. ' | |

**VISIT my YOUTUBE:** ***mukulam malayalam*** **FOR MORE RESOURCES.PH:9562521509.MALAPPURAM, KERALA**

MUKULAM MALAYALAM